ഇ-ഓഫീസ് സംവിധാനം

13(*43) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക.
2. മേൽ ഉദ്യോഗസ്ഥരുടെ മേൽനോട്ട ചുമതലാ നിർവ്വഹണം എളുപ്പമാക്കുക.
3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.
4. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുക.
5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേൽ ഉദ്യോഗസ്ഥനു ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.
6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.
7. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവ് കുറയ്ക്കുക.

9. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.

10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

11. ശ്രുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

(സി) ഇ-ഓഫീസ് പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ടി വകുപ്പിൽ നിന്നുതന്നെയുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇ-ഓഫീസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി വിവര സാങ്കേതിക വിദ്യാ വകുപ്പ് അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇ-ഓഫീസ് ആദ്യ ഘട്ടത്തിൽ നടപ്പാക്കിയ സെക്രട്ടേറിയറ്റിലും രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്ന റവന്യൂ വകുപ്പിലും ഐ.ടി. (വെർച്വൽ) കേഡർ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇ-ഓഫീസ് ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് പദ്ധതികൾ ജീവനക്കാരെ വിശ്വാസത്തിലെടുത്ത് സുഗമമായി നടപ്പിലാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നെച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന അനുവദിച്ചു നൽകുന്നു. സോഫ്റ്റ്‌വെയർ വികസിപ്പിച്ച NIC-യാണ് പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകിവരുന്നത്. ജീവനക്കാർക്ക് ഇ-ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്. ഇ-ഓഫീസ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വിവര സാങ്കേതിക വകുപ്പ് സമയാ സമയങ്ങളിൽ നൽകി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 20-8-2015-ലെ സ.ഉ.(പി) നമ്പർ 27/2015/ITD പ്രകാരം ഇ-ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി കൂടിയാലോചിച്ച് സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുവാൻ എൻ.ഐ.സി.-ക്ക് യഥാസമയം നിർദ്ദേശം നൽകുകയും അതനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly